# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2440 — 20.06.2012 -ൽ മറുപടിയ്ക്ക്

## പട്ടിക വിഭാഗത്തിൽ മിശ്രവിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | കുമാരി. പി. കെ. ജയലക്ഷ്മി (ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികവിഭാഗത്തിൽ മിശ്ര വിവാഹ ധനസഹായം എത്രയായിരുന്നു; പ്രസ്തുത ധനസഹായം എത്രയായി വർദ്ധിപ്പിച്ചു കൊടുത്തു ; | (എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽ മിശ്ര വിവാഹ ധനസഹായം 50,000/- രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ മിശ്രവിവാഹധനസഹായം 10,000/- രൂപയും ആയിരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ടി മിശ്രവിവാഹ ധനസഹായം 10,000/- രൂപയിൽ നിന്നും 8/3/2012-ലെ സ.ഉ.(കൈ) നം.43/12/പജപവവിവ പ്രകാരം 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ എത്ര പേർക്ക് പ്രസ്തുത ധനസഹായം നൽകിയിട്ടുണ്ട്; പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ? | (ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽ 55 പേർക്ക് മിശ്രവിവാഹ ധനസഹായം നല്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ 2662 പേർ മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൽ 2304 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തുക വിതരണം ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.